# 'കാവൽ' - മറ്റൊരു കേരള മാതൃക

'KAVAL'- Psychosocial Care for Children in Conflict with Law

---

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ (Children in Conflict with Law) മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹികക്രമവുമായി പുനഃസംയോജിപ്പിക്കുന്നതിനും സംസ്ഥാന വനിത-ശിശു വികസന വകുപ്പ് ബംഗളൂരു ആസ്ഥാനമായുള്ള 'നിംഹാൻസി' (National Institute of Mental Health and Neuro-Sciences -NIMHANS) ന്റെ ശാസ്ത്ര - സാങ്കേതിക സഹായത്തോടെ ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ചെടുത്ത് കേരളത്തിലെ എല്ലാ ജില്ലകളിലും വിജയകരമായി നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് 'കാവൽ'

---

## 1.പശ്ചാത്തലം

കേരളത്തിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കിടയിൽ (Children in Conflict with Law) കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്ന പ്രവണത (റെസിഡിവിസം) നിലനിൽക്കുന്നതായി രേഖകളും പഠനങ്ങളും വ്യക്തമാക്കുന്നു. 'ബട്ടർഫ്ലൈസ്' നടത്തിയ പഠനം (2015) കേരളത്തിലെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കിടയിൽ 25 ശതമാനം റെസിഡിവിസം റിപ്പോർട്ട് ചെയ്യുന്നു. കൂടുതൽ കുട്ടികൾ ഈ വിഭാഗത്തിലേക്ക് വരാനുള്ള സാധ്യതയിലേക്ക് വിരൽചൂണ്ടുന്നതാണ് പൊലീസിന്റെയും ജുഡിഷ്യറിയുടെയും നിഗമനങ്ങൾ. നിലവിൽ ഈ പ്രശ്നം നേരിടുന്നതിനുള്ള പദ്ധതികളുടെ അഭാവമാണ് മറ്റൊരു വെല്ലുവിളി.

2015 വരെ ബാലനീതിനിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ മാത്രം കേന്ദ്രീകരിച്ചായിരുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സാമൂഹിക പുനഃസംയോജനത്തിനും പുനരധിവാസത്തിനും ഒരു പരിപാടിയുമുണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ സാമൂഹ്യനീതി വകുപ്പ് NIMHANS മായിച്ചേർന്ന് അത്തരം കുട്ടികൾക്കായി ഒരു നൂതന മനഃശാസ്ത്ര-സാമൂഹിക പദ്ധതിക്ക് രൂപം നൽകിയത്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന മുതിർന്നവരുടെ പശ്ചാത്തലം പരിശോധിക്കുമ്പോൾ, ചെറുപ്പത്തിൽത്തന്നെ അവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിന്റെ മുൻകാലചരിത്രം കാണിക്കുന്നു. കുട്ടികൾ ആവർത്തിച്ചുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള സാധ്യതയാണ് ഇത് സൂചിപ്പിക്കുന്നത്. അപകടസാധ്യതയുള്ള കുട്ടികളിൽ നേരത്തെയുള്ള ഇടപെടലിലൂടെ സംസ്ഥാനത്ത് ഉയർന്നുവരുന്ന നിയമലംഘന സാഹചര്യങ്ങൾ തടയുന്നതിനുള്ള **ഒരു ഫ്യൂച്ചറിസ്റ്റ് പ്രോഗ്രാമാണ് 'കാവൽ'**.

പ്രൊഫഷണൽ സോഷ്യൽവർക്ക് സമീപനവും ബാലനീതിനിയമം 2015 ൽ വിഭാവനം ചെയ്തിരിക്കുന്ന 'സാമൂഹികപുനരധിവാസവും പുനസംയോജനവും' സംയോജിപ്പിച്ച് വികസിപ്പിച്ചെടുത്ത 'കാവൽ' പദ്ധതിയിലൂടെ, കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള കുട്ടികളുടെ സഹജവാസന 13 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ഈ പദ്ധതിയുടെ സാംഗത്യത്തിനും പ്രയോജനക്ഷമതയ്ക്കുമുള്ള ദൃഷ്ടാന്തമാണ്.

**1.1 മുഖ്യ ലക്ഷ്യം**

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനഃശാസ്ത്രപരവും സാമൂഹികവുമായ പരിരക്ഷയും പിന്തുണയും നൽകുക.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് ആവശ്യമായ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുക.
- കുറ്റം ചെയ്യാൻ കുട്ടി നിർബന്ധിതമാകുന്ന സാഹചര്യങ്ങൾ തടയുക

**1.2 പ്രത്യേക ലക്ഷ്യങ്ങൾ**

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കിടയിലെ മാനസിക, സാമൂഹിക പ്രശ്നങ്ങൾ മനസിലാക്കുക
- അത്തരം കുട്ടികളുടെ പ്രശ്നങ്ങളിൽ സേവനദാതാക്കൾക്ക് ഫലപ്രദമായി ഇടപെടുന്നതിന് സഹായകമായ മൊഡ്യൂളുകൾ വികസിപ്പിച്ചെടുക്കുക
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി നിലവിലുള്ള സേവനങ്ങളിൽ വിവിധ പങ്കാളികളെ പരിശീലിപ്പിക്കുക
- കേരളത്തിലെ എല്ലാ ജില്ലകളിലും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി നിലവിലുള്ള സേവനങ്ങളിൽ ശാരീരികവും മാനസികവും സാമൂഹികവുമായ പരിചരണം ഉൾപ്പെടുത്തുക.

**1.3. മുന്നൊരുക്കം**:

- പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കൽ, പങ്കാളികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, വിവിധ സംവിധാനങ്ങളുമായുള്ള നെറ്റ്‌വർക്കിംഗും ഏകോപനവും, റിപ്പോർട്ടിംഗ് - റെക്കോർഡിംഗ് സംവിധാനങ്ങൾ തുടങ്ങിയ മുന്നൊരുക്കങ്ങളോടെയാണ് പൈലറ്റ് പദ്ധതി വികസിപ്പിച്ചെടുത്തത്.

**1.4 പദ്ധതി കാലാവധി**

- 2015 ൽ പരീക്ഷണാർഥം മൂന്നു ജില്ലകളിൽ ആരംഭിച്ച പദ്ധതി, ആദ്യഘട്ടപ്രവർത്തനങ്ങളിൽ നിന്നുള്ള അനുഭവപാഠങ്ങളും അക്കാദമിക പഠനങ്ങളും ഉൾക്കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി രണ്ടാം ഘട്ടത്തിൽ (2017-2018) ആറു ജില്ലകളിലേക്കും മൂന്നാം ഘട്ടത്തിൽ (2018-2019) അഞ്ചു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. ഇപ്പോഴും തുടരുന്നു

**ഘട്ടം ഒന്ന്: (2015-2016)** ജില്ലകൾ:

1. തിരുവനന്തപുരം 2.പാലക്കാട് 3.കോഴിക്കോട് (ജെ.ജെ.ബി യിൽ ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്ത ജില്ലകൾ എന്ന നിലയ്ക്കാണ് ഈ മൂന്ന് ജില്ലകളെ പൈലറ്റ് പദ്ധതിക്കായി തിരഞ്ഞെടുത്തത് .ഒപ്പം വ്യത്യസ്തവിഭാഗം ജനങ്ങൾ (ഗോത്രവിഭാഗം, മത്സ്യത്തൊഴിലാളികൾ, നഗരം, ഗ്രാമം, അതിർത്തിജില്ലകൾ) പ്രതിനിധാനം ചെയ്യുന്ന ജില്ലകൾ എന്ന പ്രത്യേകതയും ഇക്കാര്യത്തിൽ പരിഗണിച്ചു)

**ഘട്ടം രണ്ട്: (2017-2018)** ജില്ലകൾ:

1. പത്തനംതിട്ട, 2. കോട്ടയം 3.എറണാകുളം 4.തൃശ്ശൂർ, 5.മലപ്പുറം, 6.കണ്ണൂർ

**ഘട്ടം മൂന്ന് : (2018-2019)** ജില്ലകൾ:

1. കൊല്ലം, 2.ആലപ്പുഴ 3.ഇടുക്കി 4.വയനാട് 5.കാസർഗോഡ്

**1.5. പ്രവർത്തന തന്ത്രം**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ നിരന്തരമായ സാമൂഹ്യമനശാസ്ത്ര ഇടപെടലുകളിലൂടെ സമൂഹവുമായി ബന്ധിപ്പിക്കുകയും കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സാഹചര്യത്തിൽ നിന്ന് നിരന്തരമായ ഇടപെടലുകളിലൂടെ അകറ്റിനിർത്തുകയുമാണ് കാവൽ പദ്ധതിയുടെ പ്രവർത്തന തന്ത്രം.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായുള്ള സാമൂഹ്യമനഃശാസ്ത്ര ഇടപെടലുകൾ പൂർണമായി പ്രൊഫഷണൽ സോഷ്യൽവർക്കിന്റെ 3 തലങ്ങളിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്.

- **ക്യൂറേറ്റീവ്** (നിവാരണം), **പ്രിവന്റീവ്** (പ്രതിരോധം), **പ്രൊമോട്ടീവ്** (ചുറ്റുപാടുകൾ അനുയോജ്യമായി മാറ്റിയെടുക്കൽ)

- നാല് തലങ്ങളിലാണ് ഈ പരിപാടി നടപ്പാക്കുന്നത്.
- **വ്യക്തി, കുടുംബം, സമൂഹം** (കമ്മ്യൂണിറ്റി), **നയങ്ങൾ** (പോളിസി)

നിലവിലുള്ള നാല് സംവിധാനങ്ങൾ വഴിയാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

1. വിദ്യാഭ്യാസസ്ഥാപനങ്ങൾ
2. ക്രമസമാധാന നിയമപാലന സംവിധാനങ്ങൾ
3. കറക്ഷണൽ ഇന്സ്റ്റിറ്റ്യൂഷൻസ്
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

കുടുംബത്തിൽ നടപ്പിലാക്കുന്ന പ്രതിരോധപ്രവർത്തനങ്ങൾ പ്രധാനമായും രക്ഷാകർത്താക്കളെ കേന്ദ്രീകരിച്ചാണ്. കുട്ടിക്ക് വീട്ടിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഒരു അന്തരീക്ഷം ഉണ്ടാക്കി കുട്ടിയുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.

കുട്ടികളുടെ സ്വഭാവവൈകല്യങ്ങളിലേക്ക് നയിക്കുന്ന തരത്തിലുള്ള മാതാപിതാക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെയും തെറ്റായ കാഴ്ചപ്പാടും പ്രവൃത്തികളും അവരെ പറഞ്ഞു മനസ്സിലാക്കി അവ മാറ്റിയെടുക്കലാണ് അതിലൂടെ ചെയ്യുന്നത്.

**1.6 ഏകോപനം, ഇടപെടലുകൾ**

ജുവനൈൽ ജസ്റ്റീസ് ബോർഡ് (JJB), ബാലക്ഷേമസമിതി (CWC) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU) എന്നീ സംവിധാനങ്ങളിലെ ഉദ്യോഗസ്ഥർ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മാനസികാരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ, ലഹരിവിമുക്ത കേന്ദ്രങ്ങൾ എന്നിയുടെ സേവനങ്ങൾ ഏകോപിപ്പിച്ചാണ് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള സമഗ്രമായ സേവനങ്ങൾ ലഭ്യമാക്കുന്നത്.

## 2. നിർവഹണ സംവിധാനം

ജില്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിയമപരവും ഭരണപരവുമായ അനുമതിയോടുകൂടി വനിതാ ശിശുവികസനവകുപ്പും സ്റ്റേറ്റ് ജുവനൈൽ പോലീസ് യൂണിറ്റും അതത് ജില്ലകളിലെ ജുവനൈൽ ജസ്റ്റീസ് ബോർഡും ബാലക്ഷേമ സമിതിയും ഒത്തൊരുമിച്ച് പ്രവർത്തിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ല ശിശുസംരക്ഷണ യൂണിറ്റുകളാണ് (DCPU) മേൽനോട്ടം വഹിക്കുന്നത്.

കാവൽ ജില്ലാതല ടീമിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ല ശിശുസംരക്ഷണ യൂണിറ്റിലെ ലീഗൽ കം പ്രൊബേഷൻ ഓഫീസർ, OH/JJB കൗൺസലർമാർ, പങ്കാളികളായ സന്നദ്ധസംഘടനകളിലെ പ്രോഗ്രാം കോർഡിനേറ്റർ, കേസ് വർക്കർമാർ എന്നിവർ ഉൾപ്പെടുന്നു. അവർ മറ്റ് സർക്കാർ സർക്കാരിതര സംവിധാനങ്ങളുമായി ചേർന്ന് സാമൂഹ്യ മാനസികാരോഗ്യം, ലഹരിവിമുക്തി, തൊഴിൽപരവും വിദ്യാഭ്യാസപരവുമായ പുനരധിവാസം, നിയമസഹായം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു. മാതാപിതാക്കളുടെയും കുട്ടികളെ സംരക്ഷിക്കുന്നവരുടെയും സഹായത്തോടും സഹകരണത്തോടും കൂടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.1 സന്നദ്ധസംഘടനകളിലൂടെയുള്ള ഇടപെടലുകൾ

കുട്ടികൾക്കായുള്ള ഇടപെടലുകൾ വ്യക്തി, കുടുംബം, സ്കൂൾ (വിദ്യാഭ്യാസ സ്ഥാപനം) എന്നിങ്ങനെ മൂന്ന് തലത്തിലാണ്. ഓരോ കുട്ടിയുടെയും പ്രശ്നം വിശദമായി പഠിച്ച് വിലയിരുത്തിയശേഷം വ്യക്തിഗത സംരക്ഷണ പദ്ധതി തയ്യാറാക്കുന്നു. മാതാപിതാക്കളുടെയും ബന്ധപ്പെട്ട അധികാരികളുടെയും സഹായ സഹകരണങ്ങളോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ തലത്തിലും ശരിയായ തുടരന്വേഷണസംവിധാനത്തിലൂടെ വിഷമകരമായ സാഹചര്യങ്ങളിലുള്ള കുട്ടികൾക്ക് ലഭിക്കേണ്ട മാനസികവും സാമൂഹ്യവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നു.

### 2.2 സന്നദ്ധസംഘടനകളുടെ പ്രധാന ഉത്തരവാദിത്തങ്ങൾ

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മാനസികവും സാമൂഹ്യവുമായ സംരക്ഷണം നൽകുക.
- ഇത്തരത്തിലുള്ള കുട്ടികൾക്ക് വീട്, സമൂഹം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ചെയ്യുന്ന പ്രവർത്തനങ്ങളുടെ തുടരന്വേഷണങ്ങളും ഇടപെടലുകളും പതിവായി നടത്തുക.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള സേവനം ലഭിക്കുന്നതിന് ജെ.ജെ.ബി., ഡി.സി.പി.യു. എന്നിവയുടെ പിന്തുണയോടെ മറ്റ് സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക

### 2.3. സന്നദ്ധ സംഘടനകൾ ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ

- കുട്ടികൾക്ക് നല്ല കുടുംബാന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഗൃഹസന്ദർശനങ്ങളും രക്ഷകർത്താക്കൾക്കുള്ള പരിശീലനങ്ങളും ആവശ്യമായ മറ്റ് ഇടപെടലുകളും നടത്തുക.
- സോഷ്യൽ കേസ് വർക്ക്, സോഷ്യൽ ഗ്രൂപ്പ് വർക്ക്, ഗ്രൂപ്പ് തെറാപ്പി എന്നിവയിലൂടെ കുട്ടികൾക്ക് മനഃശാസ്ത്രപരവും സാമൂഹ്യവുമായ സംരക്ഷണം നൽകുക.
- വ്യക്തിപരമായ കൗൺസിലിങ്.
- ഗ്രൂപ്പ് വർക്ക് പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് ജീവിത നൈപുണി (Life Skills) പരിശീലനത്തിനായുള്ള ശിൽപ്പശാലകൾ നടത്തുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഇത്തരത്തിലുള്ള കുട്ടികളോടുള്ള സമീപനരീതിയിൽ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- കമ്യൂണിറ്റിയിൽ ഇടപെടലുകൾ നടത്തുക
- സർക്കാർ-സർക്കാരിതര സംവിധാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുക.
- കുട്ടികൾക്കും കുടുംബത്തിനും സാമൂഹ്യക്ഷേമ പദ്ധതികൾ ലഭ്യമാക്കുക.
- ആവശ്യമായ തുടർ ചികിത്സയ്ക്ക് നിർദ്ദേശങ്ങളും സഹായവും നൽകുക
- നടപ്പിലാക്കിയ പരിപാടികൾ - തുടരന്വേഷണം നടത്തുക

## 3. <u>പ്രവർത്തനങ്ങളും ഫലങ്ങളും</u>

### 3.1 ഗൃഹ സന്ദർശനം

ഓരോ കുട്ടിയും ചിട്ടയായും ഘട്ടംഘട്ടമായുമുള്ള ഇടപെടൽ പ്രക്രിയയ്ക്ക് വിധേയമാകുന്നു. ഗൃഹസന്ദർശനത്തിലൂടെ കുട്ടികളുടെ മാനസിക, സാമൂഹിക, സാമ്പത്തിക പശ്ചാത്തലം, കുടുംബഘടന, കുടുംബാംഗങ്ങൾ തമ്മിലുള്ള ഇടപെടലുകൾ, വ്യക്തിബന്ധങ്ങൾ, അയൽപക്കക്കാരുമായുള്ള ബന്ധം, മുതലായവ കൃത്യമായി വിലയിരുത്തിയാണ് ഓരോകുട്ടിയുടെയും വ്യക്തിഗത ശ്രദ്ധ പദ്ധതി (Individual Care Plan) യിലെ ഇടപെടൽ തന്ത്രം രൂപകൽപ്പന ചെയ്യുന്നത്. കുട്ടി എങ്ങനെയാണ് സമൂഹം അംഗീകരിക്കാത്ത സ്വഭാവരീതികളിലേക്ക് എത്തിപ്പെട്ടതെന്ന് തിരിച്ചറിയാനും ആവശ്യമായ

മാനസികവും സാമൂഹ്യവുമായ സംരക്ഷണം നൽകാനുള്ള വ്യക്തിഗത ശ്രദ്ധാ പദ്ധതി തയ്യാറാക്കാനും ഗൃഹ സന്ദർശനം സഹായിക്കുന്നു.

**3. 2. വ്യക്തിഗത സംരക്ഷണ പദ്ധതി**

കുട്ടികളുടെ മാനസികവും സാമൂഹ്യവുമായ അവസ്ഥ, വൈകാരിക നില, പെരുമാറ്റ രീതികൾ, സാമൂഹ്യബന്ധങ്ങൾ, എന്നിവ ശാസ്ത്രീയമായി വിലയിരുത്തലിനുശേഷം ഓരോ കുട്ടിയെയും മാനസികവും സാമൂഹ്യവുമായി പുനരധിവസിപ്പിക്കാൻ ആവശ്യമായ വ്യക്തിഗത സംരക്ഷണ പദ്ധതി തയ്യാറാക്കുന്നു. സോഷ്യൽ കേസ് വർക്ക്, മനോരോഗചികിത്സ, മാനസികവും സാമൂഹ്യവുമായ പിന്തുണ, ലഹരിവിമുക്ത ചികിത്സ, വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പുനരധിവാസം എന്നിവ ഇതിലുൾപ്പെടുന്നു. എല്ലാ കുട്ടികൾക്കും ജീവിത നൈപുണി വിദ്യാഭ്യാസവും ലഭ്യമാക്കുന്നു.

**3.3.കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പരിശീലനം**

കാവൽ പദ്ധതിയിൽ വരുന്ന കുട്ടികളുടെ പ്രശ്നങ്ങളിൽ പ്രധാനം മാതാപിതാക്കൾ കുട്ടികളെ കൈകാര്യം ചെയ്യുന്നതിലുണ്ടാകുന്ന അപാകതകൾ ആണ്. അത് തിരിച്ചറിഞ്ഞ് കുട്ടികളുടെ, വിശിഷ്യാ കൗമാരക്കാരുടെ, സ്വഭാവ സവിശേഷതകളെയും മാനസിക, സാമൂഹ്യപ്രശ്നങ്ങളെയും ആവശ്യങ്ങളെയും കുറിച്ച് രക്ഷിതാക്കളിൽ ശരിയായ അവബോധം സൃഷ്ടിക്കാനും ഇത്തരം പ്രശ്നങ്ങളെ കൃത്യമായി കൈകാര്യം ചെയ്യാനുമുള്ള പങ്കാളിത്തപരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നു. ഇത് പ്രശ്നപരിഹാരത്തിന് വലിയതോതിൽ സഹായകമാണെന്ന് രക്ഷിതാക്കൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (ഇതോടൊപ്പമുള്ള ഒരു ജില്ലയുടെ ഡോക്യുമെന്റേഷൻ കാണുക)

**3.4 കുട്ടികൾക്കിടയിലെ ഗ്രൂപ്പ് പ്രവർത്തനം, ഗ്രൂപ്പ് തെറാപ്പി**

വ്യക്തികളുടെ സഹജമായ കഴിവുകൾ വികസിപ്പിക്കാനായി പരിശീലനം ലഭിച്ച സോഷ്യൽ വർക്കർമാർ നടത്തുന്ന മാനസികവും സാമൂഹ്യവുമായ മികച്ച പ്രവർത്തനങ്ങളിലൊന്നാണ് ഗ്രൂപ്പ് വർക്ക്. ഇതിലൂടെ കുട്ടികളിലെ വ്യക്തിപരമായ പ്രശ്നങ്ങളും അതൊടൊപ്പം വ്യക്തിബന്ധങ്ങളിലുള്ള പ്രശ്നങ്ങളും മനസ്സിലാക്കാനും കൈകാര്യം ചെയ്യാനും സാധിക്കുന്നു. മുഖത്തിന്റെ ഭാവപ്രകടനങ്ങൾ, അവരുടെ വികാരങ്ങൾ എഴുതാൻ ആവശ്യപ്പെടുന്നത്, കളിമൺ മാതൃകകൾ ഉണ്ടാക്കൽ, കുടുംബത്തെ ചിത്രീകരിക്കൽ, പാവകകളി, ചിത്രം വരയ്ക്കൽ, തീമാറ്റിക് അപ്രീസിയേഷൻ കാർഡുകൾ എന്നിവയാണ് ഇതിൽ പ്രധാനമായി ഉപയോഗിക്കുന്ന മാധ്യമങ്ങൾ. ഗ്രൂപ്പ് തെറാപ്പിയിലൂടെ ലഭിച്ച വിവരങ്ങൾ അനുസരിച്ച് വ്യക്തിപരമായും കുടുംബത്തിനും കൗൺസലിംഗ് നൽകുകയാണ് മറ്റൊരു ഫലപ്രദമായ ഇടപെടൽ തന്ത്രം

**3.5: ജീവിത നൈപുണി പരിശീലനം (Life skills)**

ലോകാരോഗ്യസംഘടന നിർദ്ദേശിച്ചിട്ടുള്ള പത്ത് ജീവിതനൈപുണികൾ അടിസ്ഥാനമാക്കി യാണ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ഒപ്പം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ അനുഭവിക്കുന്നതായി കണ്ടെത്തിയ 13 പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട പരിശീലനവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**3.6 ഇലക്ട്രോണിക് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS)**

ഓരോ കുട്ടിയുടെയും വ്യക്തിഗത പരിചരണ പദ്ധതി, അവയിന്മേലുള്ള പ്രവർത്തനങ്ങൾ, കുട്ടിയുടെ പുരോഗതി, സന്നദ്ധപ്രവർത്തനങ്ങളുടെ ദൈനംദിന ഇടപെടലുകൾ, നിരീക്ഷണം, ജില്ലാതല പ്രവർത്തനാവലോകനം തുടങ്ങിയവയ്ക്കായി വ്യക്തമായ റിപ്പോർട്ടിങ് ഫോർമാറ്റുകൾ തയ്യാറാക്കുകയും ഒരു ഇലക്ട്രോണിക് (MIS) സിസ്റ്റം വികസിപ്പിച്ച് അപ്ഡേറ്റ് ചെയ്യുകയും ചെയ്തു. ഓരോ കുട്ടിയിലെയും പുരോഗതിയും ഓരോ ജില്ലയിലെയും പ്രവർത്തനങ്ങളും വകുപ്പ് മേധാവിക്ക് മനസിലാക്കാനുതകുന്ന രീതിയിലാണ് MIS ഉം തയാറാക്കിയിട്ടുള്ളത്.

### 3.7 സുസ്ഥിരത

കുട്ടികൾക്ക് തീവ്രവും സമഗ്രവുമായ പരിചരണം നൽകുന്നതിനായി വിവിധമേഖലകളിലെ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി മാനസിക-സാമൂഹ്യ വൈകാരിക പിന്തുണ, വിദ്യാഭ്യാസ സഹായം, കുടുംബപിന്തുണ, തൊഴിൽ, നൈപുണ്യ പരിശീലനം, തൊഴിൽ, സ്ഥാപനസേവനങ്ങൾ, സാമൂഹ്യക്ഷേമ പിന്തുണ എന്നിവ സംയോജിപ്പിക്കുന്നതിനായി ഒരു മൾട്ടി ഡിസിപ്ലിനറി ഇന്റർസെക്ടറൽ സമീപനം വികസിപ്പിച്ചെടുത്തു. ഇത് കുട്ടികളുടെ ശേഷിയും കഴിവുകളും വികസിപ്പിക്കുന്നതിനും പ്രശ്നപരിഹാരങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും നിലവിലുള്ള വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഏറെ പ്രയോജനപ്പെടും. ഇത് പ്രോഗ്രാമിന്റെ സുസ്ഥിരത ഉറപ്പാക്കുന്നു.

### 3.8 പ്രോസസ് ഡോക്യുമെന്റേഷൻ

കാവൽ പദ്ധതിയുടെ ഓരോ ജില്ലയിലെയും ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ, പ്രവർത്തനരീതി, തന്ത്രങ്ങൾ, പുരോഗതി, നേരിട്ട വെല്ലുവിളികൾ, അവയെ തരണം ചെയ്ത രീതി, പ്രാതിനിധ്യസ്വഭാവമുള്ള കേസ് സ്റ്റഡികൾ (രഹസ്യസ്വഭാവം പൂർണമായി സംരക്ഷിച്ചുകൊണ്ട്) പങ്കാളിത്തരീതിയിൽ 'പടവുകൾ' എന്ന പേരിൽ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ശില്പശാലകൾ നടന്നുവരികയാണ്. ജില്ലാതലത്തിൽ ഓരോന്നും സംസ്ഥാനതലത്തിൽ ഒന്നും (മലയാളം, ഇംഗ്ളീഷ് ഭാഷകളിൽ) പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ് ലക്ഷ്യം. തുടർന്ന് ഡിജിറ്റലൈസ് ചെയ്യാനും ഉദ്ദേശമുണ്ട്. മിക്ക ജില്ലകളിലും കരട് രൂപം തയ്യാറായി. (ഒരു ജില്ലയുടെ കരട് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു). പദ്ധതിയുടെ പഠനത്തിനും വ്യാപനത്തിനും പരിശീലനത്തിനും അനുകരണത്തിനും ഇത് സഹായകമാവും

## 4. <u>പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രധാന വകുപ്പുകളും സ്ഥാപനങ്ങളും</u>

**പ്രാഥമിക തലം**

- വനിതാ ശിശു വികസന വകുപ്പ്, കേരള സർക്കാർ-നിർവഹണം
- ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്കിയാട്രിക് സോഷ്യൽ വർക്ക്, നിംഹാൻസ് ബെംഗളൂരു- (സാങ്കേതിക പിന്തുണ)

**സംസ്ഥാനതല നിർവഹണം**

- കേരള ജുഡീഷ്യറി
- കേരള പോലീസ്
- സംയോജിത ശിശു സംരക്ഷണ പദ്ധതി

**ജില്ലാതലം**

- ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്
- ജുവനൈൽ ജസ്റ്റിസ് ബോർഡ്
- ബാലക്ഷേമ സമിതി
- പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റ്
- സർക്കാരിതര സംഘടനകൾ

**മറ്റ് വകുപ്പുകൾ**

- വിദ്യാഭ്യാസ വകുപ്പ്
- ആരോഗ്യ, കുടുംബക്ഷേമ വകുപ്പ്
- തദ്ദേശ സ്വയംഭരണ വകുപ്പ്
- കേരള എക്സൈസ് വകുപ്പ്

## 5. അവലംബിച്ച നൂതന രീതികൾ:

**5.1. നിയമം** - ബാലനീതിനിയമം 2015 ലെ തത്വങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായാണ് പദ്ധതി രൂപകൽപ്പന ചെയ്തത്. അതുവഴി പദ്ധതിക്ക് നിയമപരമായ സാധുതയും പരിരക്ഷയും സാധ്യമായി.

**5.2. വിഭവങ്ങൾ**- പ്രാദേശിക വിഭവങ്ങൾ തിരിച്ചറിയുകയും ഉപയോഗിക്കുകയും ചെയ്യുക: ജാമ്യത്തിലിരിക്കുന്ന കുട്ടികളെ സഹായിക്കാൻ സന്നദ്ധസംഘടനകളെ കണ്ടെത്തി പരിശീലനം നൽകി ചുമതലയേൽപ്പിച്ചു.

**5.3 വിവിധ വകുപ്പുകളുമായുള്ള സംയോജനം:** കുട്ടികളുടെ ഉത്തമതാൽപ്പര്യം കണക്കിലെടുത്ത് നിലവിലുള്ള വിവിധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, പദ്ധതികൾ, സേവനങ്ങൾ തുടങ്ങിയവ ഏകോപിപ്പിച്ച് അവയുടെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്തി

**5.4 .കുട്ടികളുടെ ഉത്തമതാൽപ്പര്യം മുൻനിർത്തിയുള്ള ബാലകേന്ദ്രീകൃത സമീപനം:** നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മനഃശാസ്ത്ര-സാമൂഹിക പരിരക്ഷയിൽ പ്രാവീണ്യവും കേസ് വർക്ക്, ഗ്രൂപ്പ് വർക്ക്, കുടുംബ ഇടപെടലുകൾ, മറ്റ് ഇടപെടൽ തന്ത്രങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനവും നേടിയ ഒരു പ്രൊഫഷണൽ സോഷ്യൽ വർക്കറുടെ പ്രത്യേക സേവനവും പിന്തുണയും ഓരോ കുട്ടിക്കും നൽകുന്നു.

## 6. സവിശേഷ നേട്ടങ്ങളും ഫലപ്രാപ്തിയും

6.1 **മറ്റു സംസ്ഥാനങ്ങൾക്ക് അനുകരണീയ മാതൃക**: ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ ഉദ്യമമാണിത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള സാമൂഹ്യമനഃശാസ്ത്രപരമായ പരിചരണത്തിനും സാമൂഹിക പുനരധിവാസത്തിനും പുനഃസംയോജനത്തിനുമായി ഒരു സംവിധാനം വികസിപ്പിച്ചെടുക്കുന്ന രാജ്യത്തെ ആദ്യസംസ്ഥാനമാണ് കേരളം.

6.2 **മികച്ച അക്കാദമിക മാതൃക:** നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള സാമൂഹ്യ മനഃശാസ്ത്രപരമായ പരിചരണത്തിനും സാമൂഹിക പുനരധിവാസത്തിനും പുനഃസംയോജന ത്തിനും പ്രൊഫഷണൽ സോഷ്യൽ വർക്ക് സമീപനത്തിലൂടെ ഒരു സുസ്ഥിര സംവിധാനം രൂപപ്പെടുത്താൻ കഴിഞ്ഞു. ഇതുവഴി കേരളം ഇക്കാര്യത്തിൽ രാജ്യത്തെ മുൻഗാമികളാണെന്ന് തെളിയിക്കുകയും സാമൂഹിക പ്രവർത്തന മേഖലയ്ക്ക് മികച്ച അക്കാദമിക മാതൃക സംഭാവന ചെയ്യുകയും ചെയ്തു. **ശ്രീശങ്കര സംസ്കൃത സർവകലാശാല എം എസ് ഡബ്ലിയു കോഴ്സിന്റെ സിലബസിൽ 'കാവൽ' പദ്ധതി ഉൾപ്പെടുത്തിയത് ശ്രദ്ധേയമാണ്**

6.3 **സോഷ്യൽവർക്ക് പാഠ്യപദ്ധതിയിലെ സംഭാവന:** നിംഹാൻസിന്റെ ശാസ്ത്രീയ സാങ്കേതിക പിന്തുണയോടെ വികസിപ്പിച്ച മാതൃക സോഷ്യൽ വർക്ക് പാഠ്യപദ്ധതിയിലെ ഒരു സംഭാവനയാണ്. അവിടെ പ്രൊഫഷണലുകൾ സോഷ്യൽ വർക്കർമാർക്കായി ഒരു പുതിയ ഇടപെടൽ മേഖല വികസിപ്പിച്ചെടുക്കുന്നു. ഒരു ഇന്റേൺഷിപ്പ് ഗൈഡ് സർക്കാർ വികസിപ്പിക്കുകയും അനുവദിക്കുകയും ചെയ്തു. 21 ദിവസത്തെ മൊഡ്യൂളിലൂടെ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് പ്രോജക്ടിൽ ഇന്റേണുകളായി പരിശീലനം നൽകുന്നു. ഇത് സോഷ്യൽവർക്ക് പാഠ്യപദ്ധതിയിൽ കുട്ടികൾക്കായുള്ള പദ്ധതികളുടെ സുസ്ഥിരതയും സംയോജനവും ഉറപ്പാക്കാനാവും.

6.4 **ആഗോള അംഗീകാരം** - 2017, 2019 വർഷങ്ങളിൽ നടന്ന 24 -25 ഏഷ്യാ പസഫിക് ജോയിന്റ് റീജിയണൽ സോഷ്യൽവർക്ക് കോൺഫറൻസുകളിൽ ഇത് സംബന്ധിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങൾക്ക് ആഗോളതലത്തിൽ അക്കാദമിക വൃത്തങ്ങളിൽ മികച്ച സ്വീകാര്യതയും അഭിനന്ദനങ്ങളും അംഗീകാരവും ലഭിച്ചു.

6.5 **പഠന-പരിശീലന സാമഗ്രികൾ:** ഇതിനായുള്ള പ്രക്രിയയിലൂടെ പദ്ധതിയുടെ സുസ്ഥിരതയ്ക്കും അനുകരണത്തിനും ഐ.ഇ.സി. മെറ്റീരിയലുകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ വികസിപ്പിച്ചെടുത്തു.

## 7. അഭിലഷണീയ മാറ്റങ്ങളും സ്വാധീനവും

- പതിന്നാലു ജില്ലകളിലുമായി 1912 കുട്ടികൾക്കും അവരുടെ സഹോദരങ്ങൾക്കും കുടുംബത്തിനാകെത്തന്നെയും ഈ പദ്ധതിയിലൂടെ മാനസിക, വൈകാരിക, സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്തുണ ലഭ്യമാക്കി വരുന്നു. നിലവിലുള്ള മൊത്തം പ്രത്യക്ഷ ഗുണഭോക്താക്കൾ: 7648, അനുയോജ്യമായ കുടുംബാന്തരീക്ഷം ഉറപ്പാക്കാൻ കുട്ടികളെ പിന്തുണയ്ക്കുകയും 1530 രക്ഷകർത്താക്കൾക്ക് പോസിറ്റീവ് പാരന്റിംഗിൽ പരിശീലനം നൽകുകയും കുട്ടികൾക്ക് സഹായകരമായ കുടുംബാന്തരീക്ഷം വികസിപ്പിക്കുകയും ചെയ്തു.
- നിയമവുമായി പൊരുത്തക്കേടിലേക്ക് നയിക്കുന്ന 'കൊഴിഞ്ഞുപോക്ക്' തടയാനും 325 കുട്ടികളെ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് തിരികെ കൊണ്ടുവരാനും സാധിച്ചു
- 'കാവലി'ലൂടെ പഠനം പുനരാരംഭിച്ച 37 കുട്ടികൾ 2020 ൽ പത്താം ക്ലാസ് പൂർത്തിയാക്കി.
- സംസ്ഥാനത്തെ നിലവിലെ സംവിധാനം ഉപയോഗിച്ച് 205 കുട്ടികളെ തൊഴിൽ, നൈപുണ്യ പരിശീലനത്തിനായി അയച്ചു.
- 85 കുട്ടികൾ തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കി. മറ്റുള്ളവർ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്.
- 67 കുട്ടികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിന് ശേഷം തൊഴിലവസരം നൽകി.
- 465 കുട്ടികളെ പരിശീലനമില്ലാതെ തന്നെ അനുയോജ്യ ജോലികളിൽ പ്രവേശിപ്പിക്കുകയും തുടർനടപടികളിലൂടെ കടന്നുപോകുകയും ചെയ്യുന്നു
- കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്തതിന് ഒരു കാരണം ലഹരിവസ്തുക്കളുടെ ഉപയോഗം ആണെന്ന തിരിച്ചറിവിൻറെ അടിസ്ഥാനത്തിൽ കുട്ടികൾക്കിടയിലെ പ്രചോദനാത്മകമായ വിവിധ പരിപാടികളിലൂടെ 826 കുട്ടികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കഴിഞ്ഞു.
- 165 കുട്ടികളെ 'വിമുക്തി'യിലേക്കും സംസ്ഥാനത്തെ മറ്റ് ലഹരിമുക്തി കേന്ദ്രങ്ങളിലേക്കും ഡി-ആഡിക്ഷൻ ചികിത്സയ്ക്കായി റഫർ ചെയ്തു.100 കുട്ടികൾ മുടക്കമില്ലാതെ ചികിത്സ തുടരുകയാണ്.
- 'കാവൽ' ഇടപെടൽ ആരംഭിക്കുമ്പോൾ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളിൽ കണ്ടെത്തിയ, കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജവാസന 13 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയ്ക്കാൻ നിരന്തരമായ ഇടപെടലുകളിലൂടെ സാധിച്ചു. സാമൂഹ്യ - മനഃശാസ്ത്രപരമായ സാമൂഹിക ഇടപെടലുകളിലൂടെ അസ്വീകാര്യമായ പെരുമാറ്റങ്ങളെ ഫലപ്രദമായി തടയാൻ കഴിയുമെന്ന് ഈ അനുഭവം തെളിയിക്കുന്നു.
- ഇതിനകം തന്നെ ഈ പദ്ധതിക്ക് ഇന്ത്യയിലുടനീളം വലിയ സ്വീകാര്യത ലഭിച്ചു. ഒറീസ, ഛത്തീസ്സ്ഗഡ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു

## 8. വെല്ലുവിളികളും അവയെ അതിജീവിച്ച രീതിയും

- ഈ മേഖലയിൽ ഇന്ത്യൻ സാഹചര്യങ്ങളിൽ ഒരു അനുകരണീയ മാതൃകയുടെ അഭാവമായിരുന്നു പ്രധാന വെല്ലുവിളി.
- ഇത് പരിഹരിക്കുന്നതിനായി, മറ്റ് രാജ്യങ്ങളിൽ നിലവിലുള്ള ജുവനൈൽ ജസ്റ്റിസ് സിസ്റ്റം മോഡലുകൾ അവലോകനം ചെയ്തു. ഇന്ത്യയിൽ നിലവിലുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത പ്രോഗ്രാമുകൾ പഠിച്ചു.
- ദുരന്ത സാഹചര്യങ്ങളിലും മറ്റു വിഷമഘട്ടങ്ങളിലും കുട്ടികളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് NIMHANS വികസിപ്പിച്ച 'കമ്മ്യൂണിറ്റി പെർകോലേഷൻ മോഡൽ' (Sekhar&Kavitha 2006, 2012) പ്രയോജനപ്പെടുത്തി
- ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ) ആക്ട് 2015 ലെ വ്യവസ്ഥകളും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനവും അനുസരിച്ച് സന്നദ്ധസംഘടനകളെ പദ്ധതിപങ്കാളികളായി ഉൾപ്പെടുത്തി, പിന്നീട് കേരളത്തിൽ നിലവിലുള്ള ബാലനീതി സംവിധാനത്തിൽ ഉൾച്ചേർത്തു.
- വിവിധ ഘടകങ്ങളെയും പദ്ധതികളെയും സ്ഥാപനങ്ങളെയും കോർത്തിണക്കിയുള്ള മൾട്ടിഡിസിപ്ലിനറി - ഇന്റർസെക്ടറൽ സമീപനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്. തുടക്കത്തിൽ അത് വലിയൊരു വെല്ലിവിളിയായിരുന്നു. എന്നാൽ പടിപ്പടിയായുള്ള പ്രവർത്തനങ്ങളിലൂടെയും സർക്കാർ ഇടപെടലുകളിലൂടെയും ആ വെല്ലുവിളി മറികടക്കാനായി
- എല്ലാ പദ്ധതിപങ്കാളികളെയുമുൾപ്പെടുത്തിയുള്ള കാര്യശേഷി വികസന പരിപാടികളിലൂടെ ടീം ബിൽഡിങ് അതിന് സഹായകമായി
- വിവിധ പദ്ധതി പങ്കാളികളിൽ നിന്ന് ആശയങ്ങൾ സ്വീകരിച്ച് പങ്കാളിത്ത സമീപനത്തോടെ പ്രവർത്തനമാതൃക വികസിപ്പിച്ചു.
- പ്രഥമ സമ്പർക്ക കേന്ദ്രം പോലീസ് ആണെന്ന് മനസ്സിലാക്കി പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി
- ഓരോ പങ്കാളിയുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും സർക്കാർ ഉത്തരവായി വ്യക്തമാക്കുകയും സർക്കുലേറ്റ് ചെയ്യുകയും ചെയ്തു
- ഏകോപിത പ്രവർത്തനത്തിന് ഒരു പ്രാമാണിക പ്രവർത്തന നടപടിക്രമം (SOP) വികസിപ്പിക്കുകയും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

## 9. സുസ്ഥിരത

കാവൽ പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് NIMHANS ആദ്യ മൂന്ന് വർഷത്തേക്ക് പിന്തുണ നൽകി. തുടർന്ന് NIMHANS ന്റെ അഭാവത്തിൽ പ്രോഗ്രാം നടപ്പിലാക്കുന്നതിനു സംസ്ഥാനത്തെ പദ്ധതി പങ്കാളികളുടെ ശേഷി വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചു

- പരിശീലനത്തിലൂടെ പദ്ധതിപങ്കാളികൾക്ക് നൈപുണ്യ വികസനം
- ശാസ്ത്രീയ രീതികളിലൂടെ ചിട്ടയായ ഒരു പ്രോഗ്രാം വികസിപ്പിച്ചെടുക്കുകയും അവയ്ക്ക് നിയമാനുസൃതവും ഭരണപരവുമായ അംഗീകാരം നേടി പദ്ധതിക്ക് സുസ്ഥിരസംവിധാനം ഉറപ്പാക്കുകയും ചെയ്തു.

- പദ്ധതിപങ്കാളികൾക്ക് റഫറൻസിനാവശ്യമായ സാമഗ്രികൾ വികസിപ്പിച്ചെടുത്തു (അവ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു)
- ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (SOP) വികസിപ്പിച്ച് സർക്കാർ അംഗീകാരരത്തിനു സമർപ്പിച്ചു.
- 2019-20 കാലയളവിൽ നിംഹാൻസ് പരിമിതമായ തോതിൽ പിന്തുണ നൽകുക വഴി പദ്ധതി ഏറ്റെടുക്കാൻ സംസ്ഥാനത്തെ സജ്ജമാക്കി
- പദ്ധതിയുടെ സുസ്ഥിരതയ്ക്കായി നിലവിലെ ഐസിപിഎസ് സിസ്റ്റത്തിലേക്ക് പദ്ധതി സന്നിവേശിപ്പിക്കുന്നതിന് സമഗ്രമായ ഒരു എക്സിറ്റ് പ്ലാൻ വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തു.

## 10. ഇതിനകം വികസിപ്പിച്ചെടുത്ത പഠന - പരിശീലന സാമഗ്രികൾ

- പരിശീലനത്തിനുള്ള വർക്ക് ബുക്ക്
- പരിശീലകർക്കായി ഫെസിലിറ്റേറ്റർ മാനുവൽ
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള മനഃശാസ്ത്രപരമായ പരിചരണത്തിനുള്ള ഉപാധികളുടെ സമാഹരണം
- ഐ ഇ സി മെറ്റീരിയലുകൾ (ബ്രോഷറും ലഘുലേഖകളും)

**പരിശീലന മൊഡ്യൂളുകൾ**

- ജുവനൈൽ ജസ്റ്റിസ് സിസ്റ്റത്തിന്റെ മാസ്റ്റർ ട്രെയിനർമാർക്ക് 15 ദിവസത്തെ പരിശീലന മൊഡ്യൂൾ
- കൗൺസിലർമാർ / ജെജെബി അംഗങ്ങൾ / സിഡബ്ല്യുസി അംഗങ്ങൾ എന്നിവയ്ക്കായി 5 ദിവസത്തെ നൈപുണ്യ വികസന മൊഡ്യൂൾ
- സാമൂഹ്യ പ്രവർത്തകർക്കായി 3 ദിവസത്തെ അടിസ്ഥാന മൊഡ്യൂൾ
- പോലീസ് ഉദ്യോഗസ്ഥർക്കുള്ള ദ്വിദിന ഓറിയന്റേഷൻ മൊഡ്യൂൾ
- മജിസ്ട്രേറ്റ് / പോലീസ് / അധ്യാപകർക്കുള്ള ഏകദിന സെൻസിറ്റൈസേഷൻ മൊഡ്യൂൾ

## 11. കാവൽ പ്രത്യേക ഇടപെടലുകൾ

**പ്രളയബാധിതർക്ക് മനോ-സാമൂഹിക പ്രഥമ ശുശ്രൂഷ**

കേരളം ഈ നൂറ്റാണ്ടില് നേരിട്ട ഏറ്റവും വലിയ പ്രളയത്തിനിരയായവരുടെ മാനസികവും സാമൂഹികവുമായ സമ്മർദ്ദങ്ങളും പിരിമുറുക്കങ്ങളും ലഘൂകരിക്കുന്നതിന് ആവശ്യമായ മനോ-സാമൂഹിക പ്രാഥമിക ശുശ്രൂഷ നല്കുന്നതിനായി നിംഹാൻസിന്റെ സാങ്കേതികസഹായത്തോടെ കാവൽ പദ്ധതിയുടെ മുൻകൈയിൽ 1040 സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലനം നൽകി സർക്കാരിന്റെ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും സന്നദ്ധസംഘടനകളുമായിച്ചേർന്ന് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു. അതിന്റെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

---------------------------------------------------------------------